# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4080 — 24/08/2017-ൽ മറുപടിയ്ക്ക്

**ബെവ്കോയുടെ ആഭിമുഖ്യത്തിൽ ഡി-അഡിക്ഷൻ സെന്ററുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, കെ.എസ്.ശബരീനാഥൻ<br>,, പി.ടി.തോമസ്<br>,, ഹൈബി ഈഡൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും<br>വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ബെവ്കോയുടെ ആഭിമുഖ്യത്തിൽ ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം ധനസഹായമാണ് ഇവയ്ക്ക് നൽകാൻ ഉദ്ദേശിക്കുന്നത്; വിവരിക്കുമോ; | (എ) & (ബി) ബെവ്കോയുടെ ആഭിമുഖ്യത്തിൽ ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. അതേ അവസരത്തിൽ ഡീ-അഡിക്ഷൻ സെന്ററുകൾക്ക് സി.എസ്.ആർ.ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കാറുണ്ട്. |
| (സി) മദ്യ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിനായി ബെവ്കോയ്ക്ക് നിർദ്ദേശങ്ങൾ നൽകുമോ; വിവരിക്കുമോ? | (സി) പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്തെ ജനങ്ങൾക്കിടയിൽ മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബെവ്കോയുടെ സി.എസ്.ആർ ഫണ്ടിൽ നിന്നും എക്സൈസ് വകുപ്പിന് 10 ലക്ഷം രൂപ നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ